## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4416 — 25.10.2016 - ൽ മറുപടിയ്ക്ക്

### തൊണ്ട് സംഭരണവും ചകിരി ഉൽപാദനവും പദ്ധതി

| ചോദ്യം<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി<br>ശ്രീ.കെ.എസ്.ശബരീനാഥൻ | ഉത്തരം<br>ഡോ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ)സംസ്ഥാനത്ത് തൊണ്ട് സംഭരണവും ചകിരി ഉൽപാദനവും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) സംസ്ഥാനത്ത് തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 16.1.15 ലെ ജി.ഒ(എം.എസ്) നം.116/2015/10 പ്രകാരം നിലവിലുണ്ടായിരുന്ന തൊണ്ടു സംഭരണ പദ്ധതിയിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. 16.1.2010 തീയതിയിലെ സ.ഉ(കൈ) നം.15/2010/വ്യവ സർക്കാർ ഉത്തരവ് പ്രകാരമാണ് ഈ പദ്ധതി ആദ്യമായി നടപ്പിലാക്കി തുടങ്ങിയത്. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിവരിക്കാമോ; | ബി) കയർ മേഖലയിലെ സഹകരണ സംഘങ്ങൾക്ക് അസംസ്കൃത വസ്തുവായ ചകിരി ലഭ്യമാക്കുക. പാഴാക്കികളയുന്ന തൊണ്ട് തൊഴിലാളികൾ സംഭരിച്ച് കൂടുതൽ തൊഴിൽ ദിനങ്ങളും വേതനവും ഉറപ്പാക്കുക, നാളികേര കർഷകർക്ക് കൂടുതൽ വില ലഭ്യമാക്കുക. കയർ ഉല്പാദനവും വിറ്റുവരവും വർദ്ധിപ്പിച്ച് കയർ യൂണിറ്റുകളെ ലാഭകരമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടു കൂടിയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. |

സി) പദ്ധതിയനുസരിച്ച് കയർ സഹകരണ സംഘങ്ങൾക്ക്എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

സി)ഈ പദ്ധതി പ്രകാരം തൊണ്ടു സംഭരണത്തിനും ചകിരി ഉല്പാദനത്തിനുമായി താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകി വരുന്നു.

തൊണ്ട് സംഭരണം

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1. | തൊണ്ട് സംഭരിച്ച് എത്തിക്കുന്നവർക്ക് ഇൻസെന്റീവ് | |
| | i) 60/80 ഗ്രാമിന് മുകളിൽ ചകിരി ലഭിക്കുന്ന | |
| | a) പച്ചത്തൊണ്ടിന് | 25 പൈസ |
| | b)ഉണക്കത്തൊണ്ടിന് | 15 പൈസ |
| | ii) 60/80 ഗ്രാമിന് താഴെ ചകിരി ലഭിക്കുന്ന | |
| | a) പച്ചത്തൊണ്ടിന് | 20 പൈസ |
| | b)ഉണക്കത്തൊണ്ടിന് | 10 പൈസ |
| 2. | കയർമേഖലയിലെ സഹകരണ സംഘങ്ങൾ തൊണ്ട് സംഭരിക്കുമ്പോൾ (നേരിട്ടോ / ഏജൻസികൾ മുഖേനയോ) 5000 തൊണ്ടിന് വാഹന വാടക | 250/- |
| | കൂടുതലായി സംഭരിക്കുന്ന ഓരോ 1000 തൊണ്ടിനും 50/- രൂപ | |
| 3 | ചെറുകിട ഡീഫൈബറിംഗ് യൂണിറ്റുകൾക്ക് തൊഴിലാളികൾ തൊണ്ടുസംഭരിച്ചു നൽകുമ്പോൾ പ്രതിദിനവേതനമായി 400 പച്ചത്തൊണ്ടിന് | 160/- |
| | കൂടുതലായി സംഭരിക്കുന്ന ഓരോ 50 പച്ചത്തൊണ്ടിനും | 20/- രൂപ വീതം |
| | ഉണക്കത്തൊണ്ടാണെങ്കിൽ 600 എണ്ണം | 150/- രൂപ വീതം |
| | കൂടുതലായുള്ള ഓരോ 100 ഉണക്കത്തൊണ്ടിനും | 25/- രൂപ വീതം |

| ചകിരി ഉൽപ്പാദനം | | |
|---|---|---|
| 1. | പച്ചത്തൊണ്ടിൽ നിന്നും ചകിരി ഉൽപ്പാദിപ്പിക്കുമ്പോൾ ഒരു കിലോ യ്ക്ക് | 3/- രൂപ സബ്സിഡി |
| | ഉണക്കത്തൊണ്ടിൽ നിന്ന് ചകിരി ഉൽപ്പാദിപ്പിക്കുമ്പോൾ ഒരു കിലോ യ്ക്ക് | 2/- രൂപ സബ്സിഡി |

മെയിൻറനൻസ് ഗ്രാന്റ്

| | | |
|---|---|---|
| 2. | വലിയ ഡീഫൈബറിംഗ് മെഷീൻ ഉപയോഗിക്കുന്ന സംഘങ്ങൾക്ക് പ്രതിവർഷം | 50000/- രൂപ |
| 3. | മിനി ഡീഫൈബറിംഗ് മെഷീൻ ഉപയോഗിക്കുന്ന സംഘങ്ങൾക്ക് പ്രതിവർഷം | 10000/- രൂപ |

<u>റിവോൾവിംഗ് ഫണ്ട്</u>

കയർ സഹകരണ സംഘങ്ങൾക്ക് തൊണ്ടു സംഭരണത്തിനായി പരമാവധി 2 ലക്ഷം രൂപ വരെ റിവോൾവിംഗ് ഫണ്ടായി ഉപയോഗിക്കുന്ന രീതിയിൽ പ്രവർത്തനമൂലധനം നൽകി വരുന്നു.

ഈ പദ്ധതിക്കായി രൂപീകരിച്ചിട്ടുള്ള ചകിരിവില/കയർവില നിർണ്ണയ കമ്മറ്റിയുടെ 27/11/2015 ലെ യോഗത്തിൽ നിലവിലുള്ള കയറിന്റെ കമ്പോളവില കണക്കാക്കി പച്ചത്തൊണ്ടിൽ നിന്നുള്ള ചകിരിയ്ക്ക് കിലോയ്ക്ക് 17/- രൂപ നിരക്കിലും ഉണക്കത്തൊണ്ടിൽ നിന്നുള്ള ചകിരിക്ക് കിലോക്ക് 14/- രൂപ നിരക്കിലും നിശ്ചയിച്ചു നൽകിയിട്ടുണ്ട്.

| | |
|---|---|
| ഡി)പദ്ധതിക്കായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | ഡി)യന്ത്രസഹായത്തോടുകൂടി തൊണ്ട് തല്ലി ചകിരി ഉല്പാദിപ്പിക്കുന്ന പുതിയ യൂണിറ്റുകൾ തുടങ്ങുക. നിലവിലുള്ള ചകിരി ഉല്പ്പാദന യൂണിറ്റുകൾ നവീകരിക്കുക, ചകിരിച്ചോറ് അസംസ്കൃത വസ്തുവായിട്ടുള്ള ഉൽപ്പാദന യൂണിറ്റുകൾ ആരംഭിക്കുക. എന്നിവയാണ് ലക്ഷ്യമിടുന്നത്. കയർ വ്യവസായ സഹകരണ സംഘങ്ങൾ, കുടുംബശ്രീ സംരംഭ യൂണിറ്റുകൾ, സ്വകാര്യ കയർ വ്യവസായ യൂണിറ്റുകൾ എന്നിവരെയെല്ലാം ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ